# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 152 25.04.2017 ൽ മറുപടിയ്ക്ക്

## സാമൂഹ്യ മാധ്യമങ്ങൾ വഴി മുഖ്യമന്ത്രിക്കെതിരെ പരാമർശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സാമൂഹ്യ മാധ്യമങ്ങൾ വഴി മുഖ്യമന്ത്രിക്കെതിരെയോ മറ്റ് മന്ത്രിമാർക്കെതിരെയോ ഏതെങ്കിലും തരത്തിലുള്ള പരാമർശം നടത്തിയ പ്രായപൂർത്തിയാകാത്ത എത്രപേർക്കെതിരെ കേസെടുക്കുകയും അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട് ; | (എ) | സാമൂഹ്യ മാധ്യമങ്ങൾ വഴി മുഖ്യമന്ത്രിക്കെതിരെയോ മറ്റ് മന്ത്രിമാർക്കെതിരെയോ ഏതെങ്കിലും തരത്തിലുള്ള പരാമർശം നടത്തിയ പ്രായപൂർത്തിയാകാത്ത ഒരാൾക്കെതിരെ (വിതുര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 319/17) കേസെടുക്കുകയും അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിക്കുന്ന പ്രായപൂർത്തിയാകാത്ത കുട്ടികൾക്കും വിദ്യാർത്ഥികൾക്കും ഏതെല്ലാം തരത്തിലുള്ള ബോധവത്കരണമാണ് നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിക്കുന്ന കുട്ടികൾക്കും വിദ്യാർത്ഥികൾക്കും സൈബർ രംഗത്തെ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും ബോധവൽക്കരണം നൽകുന്നതിലേയ്ക്കായി, **ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ ക്രൈം പോലീസ് സ്റ്റേഷൻ** എന്നിവയുടെ നേതൃത്വത്തിൽ സ്കൂളുകൾ, കോളേജുകൾ, വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, നാഷണൽ സർവീസ് സ്കീം, **ഐ.സി.ഡി.എസ്. പ്രോജക്റ്റ്**, റസിഡൻസ് അസോസിയേഷനുകൾ എന്നിവ മുഖാന്തിരം ബോധവത്ക്കരണ ക്ലാസുകളും ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ മുഖേന വ്യാപകമായ ബോധവൽക്കരണ പ്രചരണവും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.